## പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

07.02.2019 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *205

### സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാൻ സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ഡോ.എം. കെ. മുനീർ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക, സാമൂഹിക മേഖലകളിൽ കേരളം അതിവേഗം പുരോഗമിച്ചുവെങ്കിലും വ്യവസായ സംരംഭകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് സംസ്ഥാനത്ത് അധികം മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നില്ല. വ്യവസായിക പുരോഗതിക്കാവശ്യമായി ഒരു പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പഠനം നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ രാജ്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളോടൊപ്പം കേരളത്തിലും അനായാസം വ്യവസായം നടത്തുന്നതിന് സർക്കാർ വകുപ്പുകൾ/ഏജൻസികളിൽ നിന്നും അനുമതികളും, ക്ലിയറൻസുകളും അതിവേഗം ലഭിക്കുന്നതിനായി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യുകയുണ്ടായി. അപ്രകാരം വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്നു. കൂടാതെ നിലവിലുള്ള 10 ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി നിയമനിർമ്മാണം വരെ നടത്തിയിട്ടും ഇതുവരെ ഓൺലൈൻ ഏകജാലക സംവിധാനം പോലും ഫലവത്തായിട്ടില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത സംവിധാനം എന്നത്തേക്ക് നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ; | | |

| | | |
|---|---|---|
| | | വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിൻറെ അനുകൂല ഘടകങ്ങൾ.<br><br>മുകളിൽ പറഞ്ഞത് കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ഒരു ഓൺലൈൻ ഏകജാലക സംവിധാനവും (K-SWIFT) പൊതുവായുള്ള ഒരു അപേക്ഷാ ഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം) ഏർപ്പെടുത്തുന്നതിന് നടപടി പൂർത്തിയായിട്ടുണ്ട്. ഏകീകൃത അപേക്ഷ ഫോറവും അതിന്റെ ഓൺലൈൻ സംവിധാനവും നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലക സംവിധാനം കാലതാമസം ഇല്ലാതെ ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ (K-SWIFT) പൂർണ്ണരൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 11.02.2019 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ |

| | | | |
|---|---|---|---|
| | | | ആൻറ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുവാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ. |
| (സി) | കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ നൂറ് കോടിയിലേറെ മുടക്കുള്ളതും കെ.എസ്.ഐ.ഡി.സി. ഓഹരിയോടുകൂടി നടപ്പാക്കിയതുമായ എത്ര വ്യവസായ പദ്ധതികൾ ഉണ്ട്; വിശദമാക്കുമോ? | **(സി)** | ഈ കാലയളവിൽ ഈ തരത്തിലുള്ള പദ്ധതികൾ കെ.എസ്.ഐ.ഡി.സി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ